പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5679** **03.11.2016-ൽ മറുപടിയ്ക്ക്**

**ഗോത്ര ജനതയുടെ ഉപകരണ കരകൗശല നിർമ്മാണ രിതികൾ സംരക്ഷിക്കാൻ നടപടി**

ചോദ്യം
ശ്രീ.ജോൺ ഫെർണാണ്ടസ്

മറുപടി
ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | കേരളത്തിലെ വിവിധ ഗോത്ര ജനവിഭാഗങ്ങളുടെ തനത് ഉപകരണ കരകൗശല നിർമ്മാണ രീതികൾ സംരക്ഷിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; | എ) | സംസ്ഥാനത്തെ ഗോത്രസമുദായക്കാരായ പാരമ്പര്യ കരകൗശല വിദഗ്ധരുടെ പേരുവിവര സൂചിക കിർത്താഡ്സ് 2013-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ്, കിർത്താഡ്സ് എന്നിവ സംയുക്തമായി വർഷം തോറും രണ്ട് ജില്ലകളിലായി നടത്തിവരുന്ന പ്രദർശന വിപണനമേളകളിലും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ഗോത്രമേളകളിലും പട്ടികവർഗ്ഗ സമുദായങ്ങളിൽ നിന്നുള്ള കരകൗശല വിദഗ്ധർക്ക് അവസരം നൽകാറുണ്ട്. ഇതോടൊപ്പം മറ്റ് സംസ്ഥാനങ്ങളിൽ വെച്ച് നടത്തപ്പെടുന്ന മേളകളിലും കരകൗശല വിദഗ്ധരെ പങ്കെടുപ്പിക്കാറുണ്ട്. |
| ബി) | ഗോത്ര ജനതയുടെ നാട്ടറിവിന്റെ ഭാഗമായി ഉപയോഗിച്ചു വരുന്ന ചികിത്സാരീതികൾ സംരക്ഷിക്കാൻ എന്ത് നടപടികളാണ് സ്വീകരിച്ചുവരുന്നത്; | ബി) | വംശീയവൈദ്യം പ്രോത്സാഹിപ്പിക്കുന്നതിനായി കിർത്താഡ്സ് മുൻകൈയെടുത്ത് വയനാട് ജില്ലയിലെ മാനന്തവാടി പ്രദേശത്ത് ശ്രീ.അച്ചപ്പൻ വൈദ്യരുടെ നേതൃത്വത്തിൽ വംശീയ വൈദ്യ ഗവേഷണ പഠന കേന്ദ്രം ആരംഭിക്കുകയും 1996-ൽ പട്ടികവർഗ്ഗ |

| | | | |
|---|---|---|---|
| | | | സമുദായാംഗങ്ങൾക്ക മാത്രമായി ത്രിവത്സര വംശീയവൈദ്യ സർട്ടിഫിക്കറ്റ് കോഴ്സ് സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.<br>2012-13-ൽ കാസർഗോഡ് ജില്ല ഉൾപ്പെടെ 5 ഇടങ്ങളിൽ വംശീയ വൈദ്യ തിരുമ്മു ചികിത്സയിൽ പട്ടികവർഗ്ഗ യുവതീ യുവാക്കൾക്ക് പരിശീലനം നൽകിയിട്ടുണ്ട്. 2013-14 സാമ്പത്തികവർഷം വയനാട് ജില്ലയിലെ അടിയ പണിയ സമുദായാംഗങ്ങളായ 45 യുവതീ യുവാക്കൾക്ക് 15 ദിവസത്തെ പരിശീലനം വംശീയ വൈദ്യത്തിൽ നൽകിയിട്ടുണ്ട്. വംശീയ വൈദ്യപാരമ്പര്യ ഔഷധ ജ്ഞാനം ഗോത്രവർഗ്ഗക്കാരിൽ തന്നെ നിലനിർത്തുന്നതിനും പൊതുജനങ്ങൾ ഉൾപ്പെടെയുള്ളവർക്ക് വംശീയ വൈദ്യ ചികിത്സയുടെ സേവനം കൂടുതലായി ലഭിക്കുന്നതിനും നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഈ പ്രവർത്തനങ്ങൾ കൊണ്ട് സാധിച്ചിട്ടുണ്ട്.<br>വർഷംതോറും സംസ്ഥാനത്തെ രണ്ട് ജില്ലകളിൽ വെച്ച് നടത്തപ്പെടുന്ന പ്രദർശന വിപണനമേളകളുടെ ഭാഗമായും അല്ലാതെയും വിവിധ പട്ടികവർഗ്ഗ സമുദായങ്ങളിൽ നിന്നുള്ള വംശീയ വൈദ്യന്മാരെ പങ്കെടുപ്പിച്ചുകൊണ്ട് വംശീയ വൈദ്യ ചികിത്സ ക്യാമ്പുകളും മരുന്നാവിക്കളിയും സംഘടിപ്പിക്കാറുണ്ട്. ഇതിന് പുറമെ സംസ്ഥാനത്തിലെ വിവിധ ജില്ലകളിൽ നിന്നുള്ള വംശീയ വൈദ്യന്മാർ തമ്മിലുള്ള കൂട്ടായ്മ വർദ്ധിപ്പിക്കുന്നതിനും മറ്റ് സംസ്ഥാനങ്ങളിലെ വംശീയ വൈദ്യ ചികിത്സാപാരമ്പര്യത്തെക്കുറിച്ച് അവർക്ക് അറിവ് ലഭിക്കുന്നതിനും മറ്റുമായി |

| | | | |
|---|---|---|---|
| | | | കിർത്താഡ്സ് ക്യാമ്പസിൽ വച്ച് ദേശീയ - സംസ്ഥാനതല ശില്പശാലകൾ നടത്താറുണ്ട്. വംശീയ വൈദ്യന്മാർക്ക് ചികിത്സാ സൗകര്യങ്ങളും മറ്റും ഒരുക്കുന്നതിനായി ചില വർഷങ്ങളിൽ ധനസഹായവും നൽകാറുണ്ട്. സംസ്ഥാനത്തെ പട്ടികവർഗ്ഗ വംശീയ വൈദ്യന്മാരുടെ വിവരങ്ങൾ ക്രോഡീകരിച്ച് 2013-ൽ "വംശീയ വൈദ്യന്മാർ പേര് വിവരസൂചിക" എന്ന തലക്കെട്ടിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത പേരുവിവര സൂചികയിൽ 240 വംശീയ വൈദ്യന്മാരുടെ മേൽവിലാസം, സമുദായം, ചികിത്സാ പ്രാവീണ്യം തുടങ്ങിയവ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പേരുവിവര സൂചിക 2016-ൽ പരിഷ്കരിച്ചിട്ടുമുണ്ട്. |
| സി) | ഗോത്ര ജനതയുടെ നിത്യജീവിതത്തിന്റെ ഭാഗമായ സംഗീത-നൃത്ത-കലാരൂപങ്ങളുടെ തനിമ സംരക്ഷിച്ച് നിലനിർത്തുവാൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ? | സി) | പട്ടികവർഗ്ഗത്തിൽപ്പെട്ടവരുടെ സാംസ്കാരികവും കലാപരവുമായ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനും അവ തനിമയോടെ നിലനിർത്തുന്നതിനുമായി കിർത്താഡ്സിൽ പ്രത്യേകമായി ഒരു ആദികലാ കേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. ആദികലാ കേന്ദ്രത്തിന്റെയും പരിശീലന വിഭാഗത്തിന്റെയും ഭാഗമായി വർഷംതോറും പട്ടികവർഗ്ഗക്കാരുടെ തനത് സംഗീത-നൃത്ത കലാരൂപങ്ങളെ അടുത്ത തലമുറയിലേക്ക് പകർന്ന് നൽകുന്നതിനും വേദികളിൽ അവതരിപ്പിക്കുന്നതിനുമായി അവയെ ചിട്ടപ്പെടുത്തുന്നതിനും പഠന കളരികളും പരിശീലന പരിപാടികളും സംഘടിപ്പിക്കാറുണ്ട്. കൂടാതെ വർഷം തോറും രണ്ട് ജില്ലകളിലായി നടത്തുന്ന ഒരാഴ്ച നീണ്ടു നിൽക്കുന്ന പ്രദർശന വിപണന മേളകളുടെ ഭാഗമായും അല്ലാതെയും ഗോത്രവർഗ്ഗക്കാരുടെ തനത് സംഗീത - നൃത്ത കലകളെ പ്രോത്സാഹിപ്പിക്കുന്നതിനും അവയെ മറ്റാളുകൾക്ക് പരിചയപ്പെടുത്തിക്കൊടുക്കുന്നതിനും |

| | | | |
|---|---|---|---|
| | | | മറ്റുമായി നാടൻകലാമേളകളും സംഘടിപ്പിക്കാറുണ്ട്.<br><br>കഴിഞ്ഞ സാമ്പത്തിക വർഷം സംസ്ഥാന സ്കൂൾ യുവജനോത്സവം പരിപാടികളിൽ പട്ടികവർഗ്ഗക്കാരുടെ തനത് നൃത്തരൂപങ്ങളെ ഉൾപ്പെടുത്തുന്നതിന് മുന്നോടിയായി പണിയരുടെ വട്ടക്കളി, മാവിലരുടെ മംഗളംകളി, ഇരുളരുടെ നൃത്തം, മലപുലയരുടെ ആട്ടം, പളിയരുടെ നൃത്തം എന്നീ തനത് കലാരൂപങ്ങളുടെ പ്രദർശനം സംഘടിപ്പിക്കുന്നതിനായി സംസ്ഥാനത്തെ തെരഞ്ഞെടുത്ത 23 സ്കൂളുകളിൽ അവയ്ക്കുവേണ്ട പരിശീലനം പ്രത്യേകം സംഘടിപ്പിക്കുകയും തിരുവനന്തപുരത്ത് വെച്ച് നടന്ന 56-ാം സംസ്ഥാന സ്കൂൾ യുവജനോത്സവത്തിൽ മേൽ പ്രസ്താവിച്ച തനത് നൃത്തരൂപങ്ങളുടെ പ്രദർശനം ഒരുക്കുന്നതിന് മുൻകൈയെടുക്കുകയും ചെയ്തു. നടപ്പ് സാമ്പത്തിക വർഷം പട്ടികവർഗ്ഗക്കാരുടെ തനത് കലകളെ സ്കൂൾ യുവജനോത്സവത്തിൽ ഉൾപ്പെടുത്തുന്നതിന്റെ ഭാഗമായി വിധി നിർണ്ണയത്തിനുള്ള നിയമാവലിയുടെ കരട് തയ്യാറാക്കി വിദ്യാഭ്യാസ വകുപ്പിന് കൈമാറുന്നതിനായി രണ്ട് ദിവസം നീണ്ടു നിൽക്കുന്ന ശില്പശാല കിർത്താഡ്സിൽ സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ നടപ്പ് സാമ്പത്തികവർഷം മന്നാൻ സമുദായത്തിന്റെ പാരമ്പര്യ അനുഷ്ഠാന കലയായ കൂത്ത് സംരക്ഷിക്കുന്നതിന്റെ ഭാഗമായി 15 ദിവസം നീണ്ടുനിൽക്കുന്ന പാന കളരി സംഘടിപ്പിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ